

# സംയോജിതകൃഷി സംരംഭകത്വം
# ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില)**

**കില സെൻ്റർ ഫോർ ഓർഗാനിക് ഫാർമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെൻ്റ്**

**കോഴ്സ് പഠന കാലാവധി - ആദ്യ ഘട്ടം മൂന്നു മാസം (ഓൺലൈൻ),**
**രണ്ടാം ഘട്ടം 6 മാസം(ക്യാമ്പസ്, ഓൺലൈൻ )**

**അപേക്ഷിക്കാനുള്ള അവസാന തീയതി : 15 ഓഗസ്റ്റ് 2020.**

**രജിസ്റ്റർ ചെയ്യുന്നതിനായി https://www.kila.ac.in/ifeocc/ സന്ദർശിക്കുക**

കൊവിഡിനു ശേഷം കേരളം നേരിടാവുന്ന പ്രശ്നങ്ങളിൽ ഒന്നായി ഭക്ഷ്യ സുരക്ഷയെ സംസ്ഥാന സർക്കാർ കണക്കാക്കുന്നുണ്ട്. അത് കൂടി പരിഗണിച്ചാണ് **'സുഭിക്ഷ കേരളം'** പദ്ധതിക്ക് തുടക്കം കുറിച്ചത്. ഒപ്പം സമൂഹം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളും, കൃത്രിമ വളം, കീടനാശിനി പ്രയോഗങ്ങളിലൂടെ ഉല്പാദിപിക്കുന്ന വസ്തുക്കളുടെ ഉപഭോഗം വഴിയുള്ള ആരോഗ്യരംഗത്തെ അപകടകരമായ അവസ്ഥയും, നമ്മളെ സംയോജിതവും , പ്രകൃതി സന്തുലിതവുമായ കൃഷിരീതികളിലേക്കും ഉൽപന്നങ്ങളിലേക്കും നിർബന്ധിക്കുകയാണ്. ഇത് ഒരു സാമൂഹ്യപ്രതിബദ്ധതയുള്ള സംരംഭക പ്രവർത്തനത്തിന് സാധ്യതയും അംഗീകാരവും ഉണ്ടാക്കിയിട്ടുണ്ട്. സർക്കാർ തലത്തിലും നിരവധി സഹായങ്ങളും പ്രോത്സാഹനങ്ങളും ഈ മേഖലയിലെ സംരംഭകർക്കു നൽകുന്നുണ്ട്.

ഗ്രാമീണമേഖലയിൽ വലിയ സാധ്യതകളുള്ള ഇത്തരം പദ്ധതികൾക്ക് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സജ്ജമാക്കുന്നതിനുമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില) '**സംയോജിതകൃഷി സംരംഭകത്വം'** എന്ന വിഷയത്തിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുകയാണ്. ഏവർക്കും പങ്കെടുക്കാവുന്ന ആദ്യ ഘട്ടത്തിന് ശേഷം അതിൽ ഉന്നത നിലവാരം പുലർത്തുന്ന തല്പരരായ **20 പേരെ 6 മാസ** കോഴ്സിലേക്ക് തിരഞ്ഞെടുക്കുന്നതാണ്. കിലയുടെ തളിപ്പറമ്പിലുള്ള സെന്റർ ഫോർ ഓർഗാനിക് ഫാർമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ് ആണ് ഇതിന്റെ ചുക്കാൻ പിടിക്കുക. മറ്റു വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചായിരിക്കും കോഴ്സ്.

## കോഴ്സിന്റെ ഉദ്ദേശലക്ഷ്യം

- മണ്ണ്, ജലം, വായു, സാമൂഹ്യാരോഗ്യം എന്നിവ സംരക്ഷിക്കുന്ന വിധം സംയോജിത കൃഷി വാണിജ്യാടിസ്ഥാനത്തിൽ നിർവഹിക്കുവാൻ പ്രാപ്തരായ സംരംഭകരെ കണ്ടെത്തി തയ്യാറാക്കുക.
- ശാസ്ത്രീയമായി മണ്ണിനെ അറിയൽ മുതൽ വിളകളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വിപണനം വരെയുള്ള മൂല്യനിർമ്മിത ശൃംഖലയെ ശാസ്ത്രീയമായി മനസ്സിലാക്കാനും ഉപയോഗിക്കാനുമുള്ള പരിശീലനം നൽകുക.
- പരിശീലനം വിജയകരമായി പൂർത്തീകരിച്ചവരെ ഈ രംഗത്ത് മികച്ച സംരംഭകർ ആക്കുന്നതിനുള്ള തുടക്കം കുറിക്കുക.

## കോഴ്സിന്റെ ഘടന

- അപേക്ഷകർ - സംയോജിത കൃഷിയിലും സംരംഭകത്വത്തിലും താല്പര്യംമുള്ള ആർക്കും
- കോഴ്സ് പഠന കാലാവധി - ആദ്യ ഘട്ടം മൂന്നു മാസം (ഓൺലൈൻ), രണ്ടാം ഘട്ടം 6 മാസം (ക്യാമ്പസ്, ഓൺലൈൻ എന്നിവയിലൂടെ)
- പഠനബോധന ഭാഷ - മലയാളം /ഇംഗ്ലീഷ്
- കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്ന 20 പരിശീലനാർത്ഥികൾക്ക് വിശദമായ തുടർ പരിശീലനം നൽകി സംരംഭകരാക്കുനതാണ്.

## കോഴ്സിന്റെ പഠനരീതി

വിർച്വൽ ക്ലാസ്സ് റൂം - ഓൺലൈൻ പഠനം, വീഡിയോ ലക്ച്ചറിംഗ്, നിർദ്ദേശ പ്രകാരമുള്ളവായന, ഓൺലൈൻ ഡിസ്ക്കഷൻ ഫോറം, ഡോക്യൂമെന്ററീസ് എന്നതാണ് ആദ്യ ഘട്ടം.

## കോഴ്സിന്റെ വിലയിരുത്തൽ

- അസൈന്മെന്റ് സമർപ്പണം, സ്വയം വിലയിരുത്തൽ, ഓൺലൈൻ ഒബ്ജക്റ്റീവ് പരീക്ഷ ഇവയുടെ അടിസ്ഥാനത്തിൽ
- ഒന്നാംഘട്ട വിലയിരുത്തൽ നിശ്ചിത സമയത്തിനുളിൽ പൂർത്തിയാക്കി വിജയിച്ച പഠിതാക്കൾക്ക് കില സർട്ടിഫിക്കറ്റ് നൽകുന്നതാണ്

## പഠന വിഷയങ്ങൾ

- സംരംഭകത്വം അടിസ്ഥാന ധാരണകൾ
- കാർഷിക സംരംഭങ്ങളുടെ ആവശ്യകതയും പ്രസക്തിയും
- കാർഷിക സംരംഭങ്ങളും സാമ്പത്തിക വികസനവും
- സംയോജിത കൃഷി ആവശ്യകതയും പ്രസക്തിയും
- സംയോജിത കൃഷി ഘടകങ്ങൾ , സാധ്യതകൾ
- മൃഗം , പക്ഷി പരിപാലനം , ഘടകങ്ങൾ, സാധ്യതകൾ
- ഫിഷറീസ് , അക്വാക്കൾചർ , അലങ്കാര മത്സ്യ കൃഷി, സാധ്യതകൾ
- കാർഷിക ഉല്പനങ്ങളുടെ വിപണനം
- ബിസ്സിനെസ്സ് പദ്ധതികളുടെ സാമ്പത്തിക സ്രോതസുകൾ ,വിശദമായ പദ്ധതി രൂപരേഖ തയാറാക്കൽ

## പ്രവേശനം

താല്പര്യമുള്ളവർ കിലയുടെ വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്.

അപേക്ഷിക്കാനുള്ള അവസാന തീയതി : 15 ഓഗസ്റ്റ് 2020.

രജിസ്റ്റർ ചെയ്യുന്നതിനായി **https://www.kila.ac.in/ifeocc/** സന്ദർശിക്കുക

**കോഴ്സ് ഡയറക്ടർ :**

പി സുരേന്ദ്രൻ

ഡെവലപ്പ്മെന്റ് കമ്മീഷണർ, ആന്റ് പ്രിൻസിപ്പാൾ

കില സെന്റർ ഫോർ ഓർഗാനിക് ഫാർമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്

തളിപ്പറമ്പ

**കോഴ്സ് കോർഡിനേറ്റർ :**

ശിവപ്രസാദ്.കെ , ലക്ചറർ (സോഷ്യൽ എഡ്യൂക്കേഷൻ)

കില സെന്റർ ഫോർ ഓർഗാനിക് ഫാർമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്

ഫോൺ : 9846211153

**Kerala Institute of LocalAdministration (KILA),**
**Mulamkunnathukavu P O,**
**Thrissur**
**Pin code : 680 581,Kerala,**
**Phone : 0487-2207000,2201312,**
**Email : info@kila.ac.in**
**Website : www.kila.ac.in**

**KILA Centre for Organic Farming and Waste Management (COFWM)**
**Thaliparamba, Karimbam PO,**
**Kannur District,**
**Pin code: 670142, Kerala,**
**Phone : 0460- 2203216**
**Email : kilataliparamba@kila.ac.in**